# കേരള സർക്കാർ

## സംഗ്രഹം

വനിതശിശു വികസന വകുപ്പ് : വകുപ്പിന് കീഴിലെ 14 വനിത സംരക്ഷണ ഓഫീസുകളിലെ മെസഞ്ചർമാരുടെ 2024-25 സാമ്പത്തിക വർഷത്തെ ഓണറേറിയം, ഉത്സവബത്ത എന്നിവയ്ക്കായുള്ള തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (എ) വകുപ്പ്

**G.O.(Rt) 248/2024/WCDD** **Dated,18/07/2024**

എ.എസ് നമ്പർ : AS/WCD/24/35886 കാലാവധി : 31/03/2025

പരാമർശം:-1. സ.ഉ(സാധാ)നമ്പർ 241/2023/WCDD തീയതി 04.05.2023.

2.വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 11/04/2024 തീയതിയിലെ .ഡബ്ല്യൂ.സി.ഡി/2010/2024 ഡബ്ല്യൂ.ഇ.സി -3 നമ്പർ കത്ത്.

3.26.06.2024. തീയതിയിലെ വനിത ശിശുവികസന വകുപ്പിന്റെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം.

## ഉത്തരവ്

ഗാർഹിക പീഡന നിരോധന നിയമം, 2005 പ്രകാരമുള്ള പരാതികളിന്മേൽ കോടതിയിൽ നിന്നും ലഭിക്കുന്ന നോട്ടീസുകൾ വിതരണം ചെയ്യുന്നതിന് വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ സഹായിക്കുന്നതിനായി കേരളാ മഹിള സഖ്യ സൊസൈറ്റി മുഖേന നിയമിച്ചിട്ടുള്ള 14 മെസഞ്ചർമാരുടെ ഓണറേറിയം പരാമർശം (1) പ്രകാരം 12000 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ 14 വനിത സംരക്ഷണ ഓഫീസുകളിൽ സേവനമനുഷ്ഠിച്ചുവരുന്ന 14 മെസഞ്ചർമാർക്ക് 2024-2025 സാമ്പത്തിക വർഷം ഓണറേറിയം ഇനത്തിൽ 20,16,000/-രൂപയും(ഇരുപത് ലക്ഷത്തി പതിനാറായിരം രൂപയും ) ഉത്സവബത്ത ഇനത്തിൽ 1200/- രൂപ നിരക്കിൽ 14 പേർക്ക് 16800/- രൂപയും ചേർത്ത് ആകെ 20,32,800 രൂപ (ഇരുപത് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) 2235-02-103-68-03-(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് വനിത ശിശുവികസന വകുപ്പ് ഡയറക്ടർ പരാമർശം (2 )പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

### പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | 14 വനിത സംരക്ഷണ ഓഫീസുകളിലെ മെസഞ്ചർമാരുടെ ഓണറേറിയം 12000 X 12 X 14 | 20,16,000 |
| 2 | 14 വനിത സംരക്ഷണ ഓഫീസുകളിലെ മെസഞ്ചർമാരുടെ ഉത്സവ ബത്ത 1200 X 14 | 16,800 |

AS/WCD/24/35886

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| ആകെ (ഇരുപത് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എണ്ണൂറ് രൂപ) | | **20,32,800** |

പ്രസ്തുത പ്രൊപ്പോസൽ പരാമർശം(3) പ്രകാരമുള്ള 2024-25 സാമ്പത്തിക വർഷത്തിലെ ഒന്നാമത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പതിനെട്ടാമത് ഇനമായി അംഗീകരിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന വകുപ്പിന് കീഴിലെ 14 വനിത സംരക്ഷണ ഓഫീസുകളിലെ മെസഞ്ചർമാരുടെ 2024-25 സാമ്പത്തിക വർഷത്തെ ഓണറേറിയം, ഉത്സവബത്ത എന്നിവ നൽകുന്നതിനായി 20,32,800 (ഇരുപത് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എണ്ണൂറ് രൂപ) 2235–02–103–68–03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

AS/WCD/24/35886

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,
അഡീഷണൽ സെക്രട്ടറി
Women and Child Development

To

ഓർഡർ പ്രകാരം കൈമാറി,
Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2024.07.19 05:42:37 +05:30